കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുഴൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി4)/1754/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
Ph.No. 0487 – 2331249
PIN 680 020
തിയ്യതി. 16/12/2019
e-mail. id : dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
കുഴൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുഴൂർ ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ 1-9, 1-27, 1-29 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി4)1754/2019 തിയ്യതി.16/12/2019

# തൃശ്ശൂർ ജില്ലയിലെ കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 25.04.19 മുതൽ 21.10.19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-19 സാമ്പത്തിക വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 20 എണ്ണം നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ മറുപടികൾ പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.10.2019 മുതൽ 30.10.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ഷീന.കെ.ടി ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.വിജയശ്രീ.പി ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.സുമിത.ടി.എസ്. അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ധന്യ ദിലീപ് ഓഡിറ്റർ. |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശാന്തകുമാരി പി. | 01/04/2018-31/03/2019 |
| സെക്രട്ടറി | ഹസീബ് അലി. പി.എം | 01.04.2018 to 15.05.2018<br>01.06.2018 to 13.03.2019 |
| | ഗ്രേസി കെ കെ<br>സെക്രട്ടറി ഇൻ ചാർജ് | 16.05.2018 to 31.05.2018<br>14.03.2019 to 31.03.2019 |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | അജിത് സി ബി | 01.04.2018 to 28.06.2018 |
| | ജെലീറ്റ എൽസ ജേക്കബ് | 29.06.2018 to 31.03.2019 |
| അസിസ്റ്റൻറ് എഞ്ചിനീയർ | ശ്യാമ കെ എസ് | 01.04.2018 to 26.11.2018 |
| | ശശീന്ദ്രൻ.കെ | 27.11.2018 to 02.01.2019 |
| | അഞ്ജുകൃഷ്ണൻ | 03.01.2019 to 31.03.2019 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | സന്ധ്യദേവി | 01.04.2018 to 31.03.2019 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | സുധ മേനോൻ | 01.04.2018 to 31.03.2019 |
| വെറ്ററിനറി സർജൻ | അജിത് കുമാർ | 01.04.2018 to 31.03.2019 |
| മെഡിക്കൽ ഓഫിസർ, ഹോമിയോ | ശ്രീലത ദേവി. കെ | 01.04.2018 to 31.05.2018<br>01.07.2018 to 31.03.2019 |
| | ശ്യാമള കെ കെ | 01.06.2018 to 30.06.2018 |
| വി.ഇ.ഒ. | മുരളി വി പി | 01.04.2018 to 31.03.2019 |
| | നിഖിൽ പി വി | 01.04.2018 to 31.03.2019 |
| അസിസ്റ്റൻറ് സെക്രട്ടറി | ഗ്രേസി കെ കെ | 01.04.2018 to 31.03.2019 |
| ഐ.സി.ഡി.എസ്. | ശ്രീദേവി പി | 01.04.2018 to |

| | | |
|---|---|---|
| സൂപ്പർവൈസർ | എൽ | 31.03.2019 |
| ഹെഡ് മാസ്റ്റർ, ജി യു പി എസ് കുണ്ടൂർ | സലില കെ | 01.04.2018 to 14.11.2018<br>23.12.2018 to 10.02.2019<br>21.02.2019 to 31.03.2019 |
| | ശാന്ത പി വി | 15.11.2018 to 22.12.2018<br>11.02.2019 to 20.02.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | അനില ടി തൈയ്യശൻ | 01.04.2018 to 08.08.2018 |
| | നിഷ സി | 09.08.2018 to 31.03.2019 |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | വി ഇ ഒ ഗുണഭോക്തൃ വിഹിതം പിരിച്ചത് പഞ്ചായത്തിൽ കൃത്യ സമയത്ത് അടവാക്കിയില്ല. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് വൈകി അടവാക്കി | 1-12 |
| 13 | ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ | 1-13 |

| | | |
|---|---|---|
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-14 |
| 15 | അനധികൃത കെട്ടിട നിർമ്മാണം -സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-15 |
| 16 | പഞ്ചായത്ത് മാർക്കറ്റിൽ ഇറച്ചി വിൽപ്പനശാല ലൈസൻസ് ഇല്ലാതെയും വൃത്തിഹീനമായ സാഹചര്യത്തിലും പ്രവർത്തിക്കുന്നു. | 1-16 |
| 17 | വി ഇ ഒ കുഴൂർ നിർവഹണോദ്യഗസ്ഥനായ റിംഗ് കമ്പോസ്റ്റ് പദ്ധതി – മുഴുവൻ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കിയില്ല. | 1-17 |
| 18 | രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-18 |
| 19 | ലൈഫ് ഭവനപദ്ധതി-ഗുണഭോക്താക്കൾക്ക് അധികം തുക നൽകി | 1-19 |
| 20 | വി ഇ ഒ കുഴൂർ നിർവഹണോദ്യോഗസ്ഥനായ ബക്കറ്റ് കമ്പോസ്റ്റ് പദ്ധതി നിർവഹണ ഏജൻസിക്ക് പദ്ധതി വിഹിതം കൂടുതൽ നൽകി | 1-20 |
| 21 | മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-21 |
| 22 | ഹോമിയോ മരുന്ന് വാങ്ങൽ | 1-22 |
| 23 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-23 |
| 24 | പഞ്ചായത്തിന്റേതല്ലാത്ത ആസ്തികളുടെ കറന്റ് ബിൽ അടവാക്കുന്നു | 1-24 |
| 25 | കന്നുകുട്ടി പരിപാലന പദ്ധതി -പദ്ധതിയിൽ നിന്നും വിട്ടുപോയവരുടെ വിഹിതം തിരികെ ഈടാക്കേണ്ടതാണ്. | 1-25 |
| 26 | പൊതു ടാപ്പുകളുടെ വെള്ളക്കരം ജലനിധിക്ക് കൈമാറി | 1-26 |
| 27 | ജലനിധി കുടിശ്ശിക | 1-27 |
| 28 | പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് | 1-28 |
| 29 | പൊതുമരാമത്ത് പ്രവൃത്തികൾക്ക് സിംഗിൾ ടെണ്ടർ സ്വീകരിക്കുന്നത്-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-29 |
| 30 | കൊച്ചുകടവ്-കറുകപ്പാടം റോഡ് ഇന്റർലോക്ക് ടൈൽ വിരിക്കൽ,വാർഡ് 8 | 1-30 |
| 31 | മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മിച്ചത് ഉപയോഗിച്ചുതുടങ്ങിയിട്ടില്ല | 1-31 |
| 32 | വ്യക്തമായ വരവ് നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ ഇല്ല | ഭാഗം-2 |

| | | |
|---|---|---|
| 33 | വ്യക്തമായ ചെലവ് നഷ്ടം പ്രതിപാദിക്കുന്ന ഖണ്ഡികകൾ -ഇല്ല. | ഭാഗം-3 |
| 34 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 35 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 36 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 38 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 39 | സ്ഥിര നിക്ഷേപം | 4-6 |
| 40 | ഓഡിറ്റ് റിക്കവറി | 4-7 |
| 41 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 42 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 45 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 46 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 08.03.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-7-2019 | 14-5-19 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6887030 |
| വരവ് | 70616472 |

| | |
|---|---|
| ആകെ | 77503502 |
| ചെലവ് | 62188736 |
| നീക്കിയിരിപ്പ് | 15314766 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 11828782 | 11828782 | 10577729 | 1251053 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 4072000 | 4072000 | 3805931 | 266069 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 29000 | 29000 | 0 | 29000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 10627000 | 10627000 | 10531684 | 95316 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 2780000 | 2780000 | 2555428 | 224572 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 5489000 | 5489000 | 5440533 | 48467 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 166 | 42625346 | 131 | | 11 | 24 | 78.91% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2078 | 492478 | 494556 | 490678 | 3878 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 17052044 | 17052044 | 17052044* | 0 |

*വാർഷിക കണക്കു പ്രകാരം അപാകം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പ്രൊഫോർമയിൽ ലഭ്യമാക്കിയ വിവരമാണ് ടേബിളിൽ ചേർത്തിരിക്കുന്നത്.

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 77760 | 44 |
| കർഷകതൊഴിലാളി പെൻഷൻ | 7245700 | 590 |
| വിധവാപെൻഷൻ | 1790400 | 984 |
| വാർദ്ധക്യകാലപെൻഷൻ | 17705000 | 1577 |
| വികലാംഗപെൻഷൻ | 3573400 | 289 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 944300 | 79 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന23-10-2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,043/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകൾ രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. വർക്കിങ്ങ് ഗ്രൂപ്പ് മിനിട്സുകൾ ഒപ്പു വച്ച് ആധികാരികമാക്കേണ്ടതാണ്.തീരുമാനങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. പഞ്ചായത്ത് കമ്മിറ്റികളിൽ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതായി കാണുന്നില്ല. 6/5/2013 ലെ ജോലിവിഭജനത്തിന് ശേഷം ,പഞ്ചായത്തിൽ വ്യക്തമായ ഒരു ജോലിവിഭജനരേഖ നിലനിൽക്കുന്നതായി കാണുന്നില്ല. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചകളും, മേലുദ്യോഗസ്ഥരുടെ മേൽനോട്ടക്കുറവിലെ വീഴ്ചകളുമെല്ലാം ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകളായി ഓഡിറ്റ് വിലയിരുത്തുന്നു.

29-01-2018ലെ സർക്കാർഉത്തരവ് (കൈ)11/2018/തസ്വഭവ പ്രകാരം പഞ്ചായത്തിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകളെയും അവയുടെ കൺവീനർമാരെയും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. അതുപ്രകാരം ബന്ധപ്പെട്ട വർക്കിംങ്ങ് ഗ്രൂപ്പുകളുടെ കൺവീനർമാർ തന്നെയാണ് ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണോദ്യഗസ്ഥരാകേണ്ടത്.

പട്ടികജാതി/പട്ടിക വർഗ്ഗ വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനർ അസിസ്റ്റന്റ് സെക്രട്ടറിയാണ്, കൂടാതെ പദ്ധതി മാർഗ്ഗ രേഖ പ്രകാരം ഗ്രാമപഞ്ചായത്തിലെ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ടത് ഒഴികെ, ഈ വിഭാഗത്തിന്റെ എല്ലാ പ്രോജക്ടുകളുടെയും നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് സെക്രട്ടറിയാണ്. എന്നാൽ പ്രോജക്ട് നമ്പർ 20/2019 എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ , പ്രോജക്ട് നമ്പർ 21/19 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് എന്നീ എസ്.സി.പി. ഫണ്ട് വകയിരുത്തിയ പ്രോജക്ടുകൾ നിർവ്വണം ചെയ്തിരിക്കുന്നത് എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസാണ്. പട്ടികജാതി/പട്ടിക വർഗ്ഗ വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനറായ അസിസ്റ്റന്റ് സെക്രട്ടറിയാണ് ഈ പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥ നാകേണ്ടിയിരുന്നത്.

പദ്ധതിരൂപീകരണത്തിന്റെ പ്രാഥമിക സംവിധാനമായ വർക്കിംഗ് ഗ്രൂപ്പിൽ പങ്കെടുക്കാത്ത ഉദ്യോഗസ്ഥർ, നിർവ്വഹണ ഉദ്യോഗസ്ഥരായി നിയമിക്കപ്പെടുന്നത് മേൽ പരാമർശിച്ച സർക്കാർ ഉത്തരവിന്റെയും, വികേന്ദ്രീകൃത പദ്ധതി ആസൂത്രണവും, നിർവ്വഹണവും സംബന്ധിച്ച് ഇതുവരെയുള്ള സർക്കാർ നിർദ്ദേശങ്ങൾക്കും വിരുദ്ധമാണ്. ഇത്തരം സ്ഥിതിവിശേഷം ഭാവിയിൽ ഒഴിവാക്കപ്പെടേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
| പെർഫോമൻസ് ഓഡിറ്റ് | 25-10-2019,26-10-2019 | 2019 ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.07.2014-23.07.2014 | 2009-10 | 22-12-2011 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ് ))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1531497 | 1485988 | 52448 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1531497 | 1485988 | 45509 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക | (350410101-Advance collection-PT on Res. | *(..... /105X100)=(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ |

| | | | | |
|---|---|---|---|---|
| | | ,ഷെഡ്യൂൾ ആർ.പി-43) | bldg-ന്റെ ലെഡ്ജർ) | ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 972300 | 942878 | 17440 | 14700 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 972300 | 940587 | 14722 | 14700 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | (350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *( 15435 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15). |

<u>2.2കുടിശ്ശിക</u>

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | - | - | - |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | - | - | - |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (.....+...... =....../105* 100) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | ** (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (........./105x100)= ...... |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 73174 | - | 73174 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 73174 | - | 73174 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(61398+.......= ............./105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(76833/105X100)= ........., ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2017-18 ബാലൻസ് ഷീറ്റ് പ്രകാരം കുടിശ്ശികയായി കിട്ടാനുള്ളത് 61398/- രൂപയാണ്.

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 78799 | - | 78799 | 76133 | | 76133 | 2937 | - | - | - | - |
| | നോൺ-റെസിഡൻഷ്യൽ | 49476 | 3659 | 53135 | 47566 | - | 47566 | 922 | - | 735 | 3659 | 4394 |
| | ആകെ | | | 131934 | | | 123699 | | | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 131934 | | | 123850 | | | - | - | 4394 | | |
| | | 3659+128275 = (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101- State govt. Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 1/4/2018-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ

അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ കുഴൂർ ഗ്രാമപഞ്ചായത്തിൽ 117 പുതിയ കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ “110100101-Property tax on residential buiding”എന്ന ശീർഷകത്തിലേയും “110100103-Property tax on non residential buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ടു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ , എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.6 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 123850 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 123699/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State govt cesses/levies in Property tax control account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല.

2.7 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2018-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-19 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior period items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 | 2018-19ലെ ലെഡ്ജർ |
|---|---|---|---|

| | | പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 23177 | 45509 |
| 2 | 350410101-Advance collection of revenues -Property tax on Non-Residential building | 2332 | 14722 |

2.8 തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 60231/- രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടി ക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.8.1 റെസിഡൻഷ്യൽ

| ക്രമ നമ്പർ | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800266 | 31.03.19 | 45509 |

2.8.2. നോൺ-റെസിഡൻഷ്യൽ

| ക്രമ നമ്പർ | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800271 | 31.03.19 | 14722 |

3.2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്തു

വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1 | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (.... കെട്ടിടങ്ങൾ) | 130100101- Rent from building | 257772<br>9844<br>1497 (demand reduced) | 30.11.18<br>31.03.19<br>31.03.19 | 41800110<br>41800294<br>41800291 |
| 2 | ഭൂമി പാട്ടം (1 എണ്ണം) | 130100102- Rent from lease of lands | 12700<br>12700 | 01.04.18<br>12.03.19 | 118010500001<br>118010500037 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ ഇളവ് അനുവദിക്കൽ സാധുത നൽകുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

4.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

4.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

4.3 ഡി& ഒ ഡിമാന്റ് രജിസ്റ്റർ

4.4 വാടക ഡിമാന്റ് രജിസ്റ്റർ

4.5 ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ

4.6 ലൈബ്രറി രജിസ്റ്റർ

4.7 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

4.8 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

4.9 ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്റർ

4.10 ഭൂമി പാട്ടം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ (എഴുതി സൂക്ഷിക്കുന്നില്ല)

4. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തു നികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ ത.സ്വ.ഭ.വ. തീയതി.26/07/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58(4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ,ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income - Property tax on residential buildings | 31833 |
| 280100104-Prior period income- Property tax on non residential buildings | 14855 |
| 280200101- Prior period income- Miscellaneous expense | 500 |
| 280200401- Prior period income- Other income | (8000) |

6.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

7.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

8.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8427736/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8647829/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

9. തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

9.1 പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ 1-6, 1-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 18031108/- രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ചെലവ് പലിശ ഉൾപ്പെടെ 17542230/- രൂപയാണ്. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

10. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം 143365/- രൂപയുടെ ക്ലോസിങ്ങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യ മൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

11. 31/03/2018-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം "Capital contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/03/2019-ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസന ഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income and expenditure account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ. തീയതി.26/07/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾക്ക് വിരുദ്ധമാണ്.

2017-18 വർഷത്തെ B3 ഷെഡ്യൂൾ പ്രകാരം കാപ്പിറ്റൽ കോൺട്രിബ്യൂഷൻ 28754309/- രൂപയാണ്. ടി തുക തന്നെയാണ് 2018-19 വർഷത്തിലും കാപിറ്റൽ കോൺട്രിബ്യൂഷനായി നൽകിയിട്ടുള്ളത്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

12. വാർഷിക കണക്കു പ്രകാരം ജനറൽ പർപ്പസ് ഫണ്ട് 7981832/- എ.സി.ആർ. പ്രകാരം 8300517/- രൂപയുമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

# 1-12 വി.ഇ.ഒ. ഗുണഭോക്തൃ വിഹിതം പിരിച്ചത്

# പഞ്ചായത്തിൽ കൃത്യ സമയത്ത് അടവാക്കിയില്ല. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് വൈകി അടവാക്കി

വി.ഇ.ഒ. കുഴൂർ നിർവഹണോദ്യോഗസ്ഥനായ, ബക്കറ്റ് കമ്പോസ്റ്റ്(167/18), റിംഗ് കമ്പോസ്റ്റ് (36/18) എന്നീ പദ്ധതികളുടെ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി, നിർവഹണോദ്യോഗസ്ഥന്, 1/3/18ൽ, 2402-ാം നമ്പർ രശീത് ബുക്കും, 11/3/19 ന് 35290-ാം നമ്പർ രശീത്ബുക്കും പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. 35290-ാം നമ്പർ രശീത്പുസ്തകത്തിന്റെ 44 മുതൽ 50 വരെയുള്ള രശീതുകളിലായി 1250/- രൂപാ വീതം 8750/- രൂപാ തിയതി രേഖപ്പെടുത്താതെ പിരിച്ചിട്ടുണ്ടെങ്കിലും, ഓഡിറ്റ് തീയതി വരെ ടി തുക പഞ്ചായത്തിൽ അടവാക്കിയിരുന്നില്ല. 2402-ാം നമ്പർ രശീത് ബുക്ക് 2017-18 ഓഡിറ്റ് വേളയിൽ ഹാജരാക്കിയിരുന്നില്ല. ഈ ഓഡിറ്റ് വേളയിൽ ഹാജരാക്കിയ ഈ രശീത് ബുക്കിൽ 1 മുതൽ 24 വരെ രശീതുകളിലായി, തീയതി രേഖപ്പെടുത്താതെ പിരിവ് നടത്തിയിരുന്നെങ്കിലും ആയതും പഞ്ചായത്തിൽ അടവാക്കിയിരുന്നില്ല. ഈ രശീതിന്റെ 1,2, രശീതുകളിലായി 500/ രൂപ വീതവും, 3 മുതൽ 24 വരെയുള്ള രശീതുകളിലായി, 1250/ രൂപ വീതവും ആകെ,28500/ രൂപ പിരിച്ചെടുത്തിട്ടുള്ളതായിരുന്നു. 35290-ാം നമ്പർ രശീത് ബുക്കിന്റെ 100 -ാം നമ്പർ രശീതിന്റെ പകർപ്പ് കീറിയെടുത്തതായും പരിശോധനയിൽ ബോധ്യപ്പെട്ടു. ഇതേ രശീത് ബുക്കിന്റെ 4-ാം നമ്പർ രശീത് ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കാതെ എഴുതിയതായും ശ്രദ്ധയിൽപ്പെട്ടു.

വി.ഇ.ഒ.യ്ക്ക് നൽകിയ രശീത് ബുക്കുകളിൽ പഞ്ചായത്തിന്റെ സീൽ പതിച്ചതായി കണ്ടില്ല. കൂടാതെ രശീതുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തിയതായും കാണുന്നില്ല. (കേരളാ ട്രഷറി കോഡ് , വോള്യം 1, ആർട്ടിക്കിൾ 92 (b)കുറിപ്പ് 2, അക്കൗണ്ട് റൂൾ ചട്ടം 83) അക്കൗണ്ട് റൂൾ ചട്ടം 20 പ്രകാരം ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ച് രശീതുകൾ എഴുതേണ്ടതും, ചട്ടം 23 പ്രകാരം , സ്വീകരിക്കുന്ന തുക 500/- രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ അതേ ദിവസമോ, തൊട്ടടുത്ത പ്രവൃത്തിദിവസമോ ബാങ്കിൽ അടവാക്കേണ്ടതുമാണ്.

മേൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, 28/10/2019ന് ഓഡിറ്റ് ക്യാമ്പിൽ വച്ച് സെക്രട്ടറിക്ക് കത്ത് നൽകുകയും, തുടർന്ന് 5/11/19 ന് വി.ഇ.ഒ. ഈ തുക (37250/- രൂപ) പഞ്ചായത്തിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. (5/11/19-ന് 93/49048, 92/49048 എന്നീ രശീതുകൾ പ്രകാരം)

പഞ്ചായത്തിലെ ജോലിവിഭജനരേഖ പരിശോധിച്ചതിൽ നിന്നും , സീനിയർ ക്ലർക്കിന്റെ ചുമതലയാണ് രശീത് ബുക്കിൽ പിരിച്ചെടുത്ത തുക പരിശോധിച്ച് എക്കൗണ്ടന്റിനെ ഏൽപ്പിക്കേണ്ടത്. 6/5/2013 ലെ ഓഫീസ് ഉത്തരവിന് ശേഷം പഞ്ചായത്തിൽ വ്യക്തമായ ഒരു ജോലിവിഭജനരേഖ തയ്യാറാക്കിയതായി കാണുന്നില്ല.

രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ, കേരളാ ട്രഷറി കോഡ് എന്നിവയിലെ ചട്ടങ്ങൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പഞ്ചായത്ത് അധികൃതർ പാലിച്ചതായി കാണുന്നില്ല. 1/3/18 ൽ പഞ്ചായത്ത് നിർവഹണോദ്യോഗസ്ഥന് നൽകിയ രശീതിന്റെ കൗണ്ടർഫോയിൽ തിരിച്ചേൽപ്പിക്കാതെ ,11/3/19 ൽ വീണ്ടും അതേ ഉദ്യോഗസ്ഥന് പുതിയ രസീത് ബുക്ക് നൽകിയത് നിലവിലെ അക്കൗണ്ടിങ് ചട്ടങ്ങൾക്ക് വിരുദ്ധമാണ്.

നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതും,മേലുദ്യോഗസ്ഥരുടെ മേൽനോട്ടക്കുറവിലെ പോരായ്മകളും, വ്യക്തമായ ഒരുജോലിവിഭജനരേഖയുടെ അഭാവവുമെല്ലാം ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകളായി ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ അപാകതകളിൽ സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 ഡി.ആന്റ്.ഒ ലൈസൻസ് അപാകതകൾ

1. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല.

2018-19 ലെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല. വർഷം തോറും ഫീൽഡ് പരിശോധന നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

2. വാടകയ്ക്കും ലേലത്തിനും നൽകിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഡി.ആന്റ്.ഒ ലൈസൻസ്.

ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന XIII/299I സ്ഥാപനവും ഗ്രാമപഞ്ചായത്ത് ലേലത്തിന് നൽകിയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മത്സ്യസ്റ്റാളുകൾ സ്റ്റാൾ 1, സ്റ്റാൾ 2(ഓഡിറ്റ് അന്വേഷണം നമ്പർ 13,തീയതി.29/10/19) എന്നിവയും 2018-19 ൽ ലൈസൻസ് എടുത്തിരുന്നില്ല. പഞ്ചായത്ത് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഡി.ആന്റ്.ഒ ലൈസൻസ് ഉറപ്പാക്കേണ്ടതാണ്.

# 1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

2018-19 സാമ്പത്തികവർഷത്തെ ലൈസൻസിനായി സ്ഥാപനങ്ങൾ പഞ്ചായത്തിൽ സമർപ്പിച്ച ഡി ആന്റ് ഒ അപേക്ഷകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തൊഴിലാളികളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. ഇത്തരം സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| സ്ഥാപനം | തൊഴിലാളികളുടെ എണ്ണം |
|---|---|
| ദേവീസ് ഡയറി പ്രൊഡക്ട്സ്, എരവത്തൂർ | 8 |
| ഭൂമി നാച്ചുറൽ പ്രൊഡക്ഷൻ ആന്റ് എക്സ്പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | 13 |
| ടെറാടെക് | 7 |
| വാഴപ്പിള്ളി സിമന്റ് വർക്ക്സ് | 5 |
| വാഴപ്പിള്ളി എർത്ത് ടൈൽസ് | 7 |
| അപ്പ ബസാർ | 8 |
| ജോഷ്വാ ബ്രിക്സ് ആന്റ് ടൈൽസ് | 5 |

കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 14 പ്രകാരം ഈ സ്ഥാപന തൊഴിലുടമയോടോ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കാൻ ആവശ്യപ്പെടുകയോ കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 16 പ്രകാരം നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

# 1-15 അനധികൃത കെട്ടിട നിർമ്മാണം -സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല.

അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ പേജ് നമ്പർ 21 ൽ ചേർത്തിരിക്കുന്ന 7/UA-106A അഷ്‌റഫ് ,പ്ളാക്കൽ കൊച്ചുകടവ് എന്ന വ്യക്തിയുടെ പേരിൽ ഉള്ള 119.31 എം2 കെട്ടിടം സഞ്ചയയിൽ നിന്നുള്ള അനധികൃത കെട്ടിടങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല .ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.(നമ്പർ-20/30.10.2019)1.4.2016 മുതൽ നികുതി നിർണ്ണയിച്ചു എന്നാണ് രജിസ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്.(BT -1791/-&LC-90/-)അപാകം പരിശോധിച്ച് കെട്ടിടം സഞ്ചയയിൽ ഉൾപ്പെടുത്തുന്നതിനും ഇത്തരം ഒഴിവാക്കലുകൾ സംഭവിക്കാതിരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

# 1-16 പഞ്ചായത്ത് മാർക്കറ്റിൽ ഇറച്ചി വിൽപ്പന ശാല ലൈസൻസ് ഇല്ലാതെയും വൃത്തിഹീനമായ സാഹചര്യത്തിലും പ്രവർത്തിക്കുന്നു

പഞ്ചായത്ത് വക മാർക്കറ്റിലെ 2 സ്ററാളുകൾ മത്സ്യ വിൽപ്പനക്കായാണ് ലേലം ചെയ്ത് നൽകിയിരിക്കുന്നതെന്നാണ് രജിസ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്.എന്നാൽ പ്രാദേശിക പരിശോധനയിൽ പ്രസ്തുത കട മുറികളിൽ ഇറച്ചി വിൽപ്പനയാണ് നടത്തി വരുന്നതെന്ന് കണ്ടു.പ്രസ്തുത സ്ഥാപനങ്ങളുടെ ലൈസൻസ് സംബന്ധിച്ച എൻക്വയറിക്ക് (13/29.10.19)മറുപടിയായി സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് അറിയിച്ചു.

സ്റ്റാളുകൾ തുറന്നതും വൃത്തിഹീനവും ആണ്. കെട്ടിടം മോശമായ അവസ്ഥയിലാണ് .ചോർച്ച ഉള്ളതിനാൽ ബലക്ഷയം സംഭവിച്ചിട്ടുണ്ട്.

1996 ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടളും )ചട്ടങ്ങളിലെ ചട്ടം 38 പ്രകാരം " ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഉള്ള ഇറച്ചിക്കടകൾക്ക് പഞ്ചായത്ത് അംഗീകാരം വേണ്ടതും ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും ധാരാളം വായു സഞ്ചാരം ഉള്ളതും ആയിരിക്കേണ്ടതും വഴി യാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതുമാണ്.കടയുടെ ലൈസൻസി തന്റെ പേര്,കടയുടെ നമ്പർ ,വില നിരക്കുകൾ എന്നിവ വ്യക്തമാക്കി കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്ക വിധം കടയുടെ മുന്നിൽ പ്രദർശിപ്പിക്കേണ്ടതുമാണ്."

മേൽ പ്രകാരം ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ള യാതൊരു നിബന്ധനകളും പാലിക്കാതെ പഞ്ചായത്തിന്റെ കെട്ടിടത്തിൽ ലൈസൻസ് കൂടാതെ സ്ഥാപനം പ്രവർത്തിക്കുന്നത് ശരിയല്ല .കെട്ടിടം അറ്റകുറ്റപ്പണി

നടത്തി ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയ ശേഷം മാത്രം ലേലംചെയ്തു കൊടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.പഞ്ചായത്ത് പരിധിയിൽ ഇത്തരത്തിൽ നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടത് പഞ്ചയത്തിന്റെ കടമയാണ്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം ഓഡിററിനെ അറിയിക്കേണ്ടതാണ്.

# 1-17 വി.ഇ.ഒ. കുഴൂർ നിർവഹണോദ്യോഗസ്ഥനായ റിംഗ് കമ്പോസ്റ്റ് പദ്ധതി മുഴുവൻ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കിയില്ല.

വി.ഇ.ഒ. കുഴൂർ നിർവഹണോദ്യോഗസ്ഥനായ റിംഗ് കമ്പോസ്റ്റ് പദ്ധതിയിൽ (പദ്ധതി നം.36/18) 55 ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് നൽകുന്നതിനായി പദ്ധതി വിഹിതം,68750/രൂപാ (ബിൽ നം-8/18-19,d.27-3-19)പ്രകാരം റെയ്ഡ്കോയ്ക്ക് കൈമാറിയതായി കാണുന്നു. റെയ്ഡ്കോയുമായുള്ള കരാർ,തുക കൈപ്പറ്റിയ രശീത്,ഗുണഭോക്തൃലിസ്റ്റ്,ഗുണഭോക്താക്കളുടെ അപേക്ഷകൾ, അനുബന്ധരേഖകൾ എന്നിവയൊന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയില്ല. 55 ഗുണഭോക്താക്കൾ ഉള്ള ഈ പദ്ധതിയിൽ 50 ഗുണഭോക്താക്കൾ മാത്രമാണ് ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. ബാക്കിയുള്ള 5 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

ചെലവ് രേഖകൾ, ബന്ധപ്പെട്ട ഫയലുകൾ എന്നിവയുടെ അഭാവത്തിൽ ചെലവ് തുക 68750/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-18 രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

വി ഇ ഒ കുഴൂർ നിർവഹണോദ്യഗസ്ഥനായ വീട് വാസയോഗ്യമാക്കൽ -ജനറൽ എന്ന സ്പിൽ ഓവർ പദ്ധതിയിൽ,(പദ്ധതി നം.166/18) ഏഴാം വാർഡിലെ ഗുണഭോക്താവ്, ശ്രീമതി.തങ്കമ്മ പാപ്പുകുട്ടൻ, ഐക്യനാട്ട് പറമ്പിൽ എന്നവർക്ക് 32500/രൂപാ, (ബിൽ നം-5/18-19,dt.19-1-19) എക്കൗണ്ടിലേക്ക് കൈമാറിയതായി കാണുന്നു. ഫയലിൽ ട്രഷറി ബിൽ, കുഴൂർ ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയറുടെ വാല്യുവേഷൻ എന്നിവ മാത്രമാണ് ഉള്ളത്. ഗുണഭോക്താവിന്റെ അപേക്ഷ,അനുബന്ധരേഖകൾ, ബാങ്ക് പാസ്ബുക്കിന്റെ കോപ്പി എന്നിവയൊന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 32500/ രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-19 ലൈഫ് ഭവനപദ്ധതി-ഗുണഭോക്താക്കൾക്ക്

# അധികം തുക നൽകി പദ്ധതി നമ്പർ -37/18

വി ഇ ഒ കുഴൂർ നിർവഹണോദ്യഗസ്ഥനായ ലൈഫ് ജനറൽ പദ്ധതിയിൽ, ശ്രീമതി ഇന്ദിരാ നാരായണൻ, പ്ലാവിടപറമ്പിൽ എന്ന ഗുണഭോക്താവിന് 20000/രൂപാ അധികം നൽകിയതായി കാണുന്നു. തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ബിൽ നം-1/18-19,dt,11-7-18 40000/

ബിൽ നം-2/18-19, dt.13-8-18 160000/

ബിൽ നം-232/dt.29-3-19 220000/

2019-20 വർഷത്തിൽ തുക നൽകിയ, ശ്രീമതി ഇന്ദിരാ ദാസൻ കോഴിപ്പറമ്പിൽ എന്ന ഗുണഭോക്താവിന് 60000/ രൂപാ അധികം നൽകിയതായി കാണുന്നു. തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ബിൽ നം-17,dt.11-7-19 200000/

ബിൽ നം-27,dt,27-8-19 100000/

ബിൽ നം-40,dt.19-10-19 160000/

അധികം നൽകിയ തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി അതത് ഫണ്ടുകളിൽ അടവാക്കേണ്ടതാണ്.ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് , ജി ഒ(എം എസ്)34/18, dt.16/3/18ൽ പദ്ധതി ഗുണഭോക്താക്കൾക്ക് ആദ്യം തുകയുടെ 10%, രണ്ടാം ഗഡുവും,മൂന്നാം ഗഡുവും 40% വീതം, നാലാം ഗഡു 10% എന്നിങ്ങനെ തുക നൽകാനാണ് നിർദ്ദേശം. എന്നാൽ വി ഇ ഒ ഈ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

# 1-20 വി ഇ ഒ കുഴൂർ നിർവഹണോദ്യഗസ്ഥനായ ബക്കറ്റ് കമ്പോസ്റ്റ് പദ്ധതി (പദ്ധതി നം.167/18) നിർവഹണ ഏജൻസിക്ക് പദ്ധതി വിഹിതം കൂടുതൽ നൽകി

2017-18 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയിൽ, 210 ഗുണഭോക്താക്കൾക്ക് ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റ് വിതരണം ചെയ്യുന്നതിന് നിർവഹണ ഏജൻസിയായ ഐ ആർ ടി സി യുമായി യൂണിറ്റ് ഒന്നിന് 1000/രൂപാ നിരക്കിൽ വിതരണം ചെയ്യുന്നതിന് (500 രൂപാ പദ്ധതി വിഹിതം , 500 രൂപാ ഗുണഭോക്തൃ വിഹിതം) നിർവഹണ ഉദ്യോഗസ്ഥൻ 2/3/2018ന് കരാർ വയ്ക്കുകയും, 14/3/12018 ന് പദ്ധതി വിഹിതം,105000/രൂപാ ഐ ആർ ടി സിയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. 2018-19 വർഷത്തിൽ സ്പിൽ ഓവറായി തുടരുന്ന ഈ പദ്ധതിയ്ക്കായി വീണ്ടും, 27-3-2019ൽ, ബിൽ നം-7/18-19 പ്രകാരം , പദ്ധതി വിഹിതം 1,05,000/രൂപാ ഐ ആർ ടി സിയ്ക്ക് കൈമാറിയതായി കാണുന്നു.50% ഗുണഭോക്തൃ വിഹിതം ഉള്ള ഈ പദ്ധതിയിൽ , ഗുണഭോക്തൃവിഹിതത്തിന് പകരം, പദ്ധതിവിഹിതം കൈമാറാനുണ്ടായ സാഹചര്യം എന്തായിരുന്നു എന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-18 തിയതി.30/10/19)ന് മറുപടി നൽകിയിട്ടില്ല.

പദ്ധതി നടത്തിപ്പ് സംബന്ധിച്ച പരിശോധനയ്ക്കായി, ഗുണഭോക്തൃലിസ്റ്റ്, അപേക്ഷകൾ,ബന്ധപ്പെട്ട രേഖകൾ എന്നിവയൊന്നും തന്നെ ഹാജരാക്കിയിട്ടില്ല.കൂടാതെ 210 ഗുണഭോക്താക്കൾ ഉള്ള ഈ പദ്ധതിയിൽ 202 ഗുണഭോക്താക്കൾ മാത്രമാണ് ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടുള്ളത്. ബാക്കി 8 ഗുണഭോക്താക്കളിൽ നിന്നും 500/ രൂപാ വീതംഗുണഭോക്തൃവിഹിതം ഈടാക്കേണ്ടതും പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

അധികമായി പിൻവലിച്ച പദ്ധതിവിഹിതം, 1,05,000/ രൂപാ തിരികെ പദ്ധതി ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുക 2,10,000/ രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-21 മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

നിർവ്വഹണം-മെഡിക്കൽ ഓഫീസർ.പി.എച്ച്.സി
I)പി.എച്ച്.സി ,കുഴൂരിന് മരുന്നു വാങ്ങൽ ,S0008/19

വകയിരുത്തിയത്-മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്-1,00,000/-

ചെലവ്-ട്രഷറിബിൽ നം.10/18-19/11.1.19, 75,000/-

കേരള മെഡിക്കൽസർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രൊഫോർമ ഇൻവോയ്സ് PRF.3385/19.12.2018 പ്രകാരം 75,000/- രൂപ മരുന്നുകളുടെ വിലയായി മുൻകൂർ നൽകിയിട്ടുണ്ട്.KMSCL മായി പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടില്ല.നാളിതുവരെ 26983/-രൂപയുടെ മരുന്നുമാത്രമാണ് ലഭിച്ചിട്ടുള്ളത്,വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

കാരുണ്യ മെഡിക്കൽ ഡിപ്പോയുടെ ഇൻവോയ്സ് നം --40181/8.3.19, 17913/-

- 40702/22.3.19 , 4645/-

- 344/9.4.19 , 4425/-

II)പാലിയേറ്റിവ് കെയർ , S0007/19

ട്രഷറി ബില്ല് നം CB 9/18-19 11.1.19 പ്രകാരം പാലിയേറ്റിവ് കെയർപദ്ധതിയ്ക്കായി പിൻവലിച്ച 85,250- രൂപയിൽ 59,900/- രൂപ കേരള മെഡിക്കൽസർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിനാണ് കൈമാറിയിട്ടുള്ളത്.പ്രൊഫോർമ ഇൻവോയ്സ് PRF.3379/19.12.2018 , 37000/-

PRF.3383/19.12.2018 , 22900/-

വീൽ ചെയർ ,വാക്കിംഗ് കെയിൻ ,കമ്മോഡ് ചെയർ ,വാക്കർ ,ഫോളി കത്തീറ്റർ,ലിക്വിഡ് പാരഫിൻ തുടങ്ങി 31 ഇനങ്ങൾക്കാണ് മേൽപ്രകാരം തുക നൽകിയത്.എന്നാൽ കാരുണ്യ മെഡിക്കൽ ഡിപ്പോയുടെ ഇൻവോയ്സ് നം 2125/17.5.19 പ്രകാരം 4 കമ്മോഡ് ചെയർ മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്.

മുഴവൻ തുകക്കുള്ള മരുന്നുകളും പാലിയേറ്റീവ് കെയർ ഉപകരണങ്ങളും ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-22 ഹോമിയോ മരുന്ന് വാങ്ങൽ

a) <u>നൽകിയ തുകക്ക് ആനുപാതികമായി മരുന്ന് ലഭ്യമായിട്ടില്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (ഹോമിയോ)

പദ്ധതി നമ്പർ-s0047/2019

ബിൽ നമ്പർ-1/2018-19 തീയതി. 16.11.2018 - 2,00,000/-രൂ

ഹോമിയോ മരുന്ന് വാങ്ങലിനായി ഹോംകോയ്ക്ക് 2,00,000/-രൂപ പിൻവലിച്ച് നൽകിയിട്ടുണ്ട്.എന്നാൽ ഇൻവോയ്സ് നമ്പർ- LF-1482/12.02.19 പ്രകാരം 1,30,100/-രൂപയ്ക്കുള്ള മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഹോംകോയുമായി മരുന്ന് വാങ്ങൽ സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടില്ല. കരാർ നടപടികൾ ഭാവിയിൽ കൃത്യമായി സ്വീകരിക്കേണ്ടതാണ്.

b) <u>ഹോമിയോ മരുന്ന് പ്രളയത്തിൽ നഷ്ടപ്പെട്ടത് -തുടർനടപടി ഫലപ്രാപ്തിയിൽ എത്തിയില്ല</u>

ഹോമിയോമരുന്നുകൾ പ്രളയത്തിൽ നഷ്ടപ്പെട്ടതിന്റ തുടർനടപടികൾസംബന്ധിച്ച് (നം.കെ.എസ്.എ.ടി.എസ്.ആർ(പി4)/730/19ഓഡിറ്റ് റിപ്പോർട്ട് 2017-18,ഖണ്ഡിക3-10) നൽകിയ അന്വേഷണത്തിൽ (ഓഡിറ്റ് എൻക്വയറി നമ്പർ.1/23.10.2019) മരുന്ന് ലഭ്യമാക്കുന്നതിന് നം .98/18-19 തീയതി:26/10/2018, നം.35/2019 തീയതി:10/01/19 എന്നിങ്ങനെ രണ്ടു കത്തുകൾ ഹോംകോയിലേക്കും മരുന്ന് ലഭ്യമാകാത്തതിനാൽനം.53/19 തീയതി.15/08/2019 പ്രകാരം ഒരു പരാതി കത്ത് തൃശ്ശൂർ ജില്ലാമെഡിക്കൽ ഓഫീസർക്കും അയച്ചിട്ടുള്ളതല്ലാതെ യാതൊരു നടപടിയും ഇതിൻമേൽ ഉണ്ടായതായി കാണുന്നില്ല. തുടർ നടപടി ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-23 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ താഴെ പറയുന്ന പദ്ധതികൾക്കായി തൃശ്ശൂർ ജില്ലാ പഞ്ചായത്തിലേക്ക് തുക കൈമാറിയിട്ടുണ്ട്.

| പദ്ധതി നമ്പർ/പേര് | കൈമാറിയ തുക | ബിൽ നം/ തിയതി |
|---|---|---|
| 28/18,സുശാന്തം-വയോജനക്ഷേമവിഭവകേന്ദ്രം | 50000/- | 5/18-19,dt.25-6-18 |
| | | |

| | | |
|---|---|---|
| 29/18,വിജ്ഞാൻ സാഗർ-വിഹിതം നൽകൽ | 100000/- | 4/18-19,dt.25-6-18 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 1,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-24 പഞ്ചായത്തിന്റേതല്ലാത്ത ആസ്തികളുടെ കറന്റ് ബിൽ അടവാക്കുന്നു

തനത് ഫണ്ട് ചെലവ് സംബന്ധിച്ച ബില്ലുകൾ പരിശോധിച്ചതിൽ ലക്ഷം വീട് കോളനി സാംസ്കാരിക കേന്ദ്രം ,ടാഗോർ വായനശാല എന്നിവയുടെ കറന്റ് ബിൽ അടവാക്കി വരുന്നതായി കണ്ടു. ഈ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (3/23.10.2019) മറുപടിയായി പ്രസ്തുത സ്ഥാപനങ്ങൾ ആസ്തി രജിസ്ററിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.സ്വീകരിച്ച നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-25 കന്നുകുട്ടി പരിപാലന പദ്ധതി -പദ്ധതിയിൽ നിന്നും വിട്ടുപോയവരുടെ വിഹിതം തിരികെ ഈടാക്കേണ്ടതാണ്.

പദ്ധതി നമ്പർ-009/19

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

ബിൽ നമ്പർ-2/19.1.19

കന്നുകുട്ടി പരിപാലന പദ്ധതി യിൽ ഗുണഭോക്താക്കൾ തീറ്റ കൈപ്പറ്റുന്ന സൊസൈറ്റിയുടെ നാൾ വഴി രജിസ്റ്റർ പരിശോധിച്ചതിൽ ക്രമ നമ്പർ 29 ആയി ചേർത്തിരിക്കുന്ന ഗുണഭോക്താവ് ,ആലീസ് ,എലുവത്തിങ്കൽ എന്ന വ്യക്തി 4 മാസം തീറ്റ കൈപ്പറ്റിയ ശേഷം പദ്ധതിയിൽ നിന്നും വിട്ടുപോയതായി കാണുന്നു.ടിയാൾ കൈപ്പറ്റിയത് 2460 രൂപക്കുള്ള തീറ്റയാണ്. പദ്ധതി അവസാനിക്കുന്ന മുറക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ സൊസൈററിയുടെ നാൾ വഴി രജിസ്റ്റർ പരിശോധിച്ച് ഗുണഭോക്തൃ വിഹിതം മുഴുവനായി കൈപ്പറ്റാത്ത ഗുണഭോക്താക്കളുടെ വിഹിതം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

# 1-26 പൊതു ടാപ്പുകളുടെ വെള്ളക്കരം ജലനിധിക്ക് കൈമാറി

തനത് ഫണ്ട് ചെലവ് ബില്ലുകൾ പരിശോധിച്ചതിൽ ചെക്ക് നമ്പർ-6665625/25.7.2018 പ്രകാരം ആഗസ്റ്റ് 2017 മുതൽ മെയ് 2018 വരെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന പൊതുടാപ്പുകളുടെ വെള്ളക്കരം ജലനിധി സ്കീം ലെവൽ എക്സിക്യൂട്ടീവ് കമ്മറ്റിക്ക് (245000/-രൂ ) കൈമാറിയതായി കണ്ടു.എന്നാൽ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പരിശോധനക്ക് ഹാജരാക്കിയില്ല.ആഗസ്റ്റ്

2017 ന് ആണ് ജലനിധി പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചത്.അസി എൻജിനീയർ കേരള വാട്ടർ അതോറിറ്റി പി.എച്ച് .സെക്ഷൻ മാളയുടെ കത്ത് പ്രകാരം (PHSM/23/JALANIDHI/15-16 7.9.2017)വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള കണക്ഷനുകൾ ജലനിധിക്ക് കൈമാറിയതായും തുടർന്നുള്ള വെള്ളക്കരം ഫ്ളോ മീറ്റർ റീഡിങ്ങ് പ്രകാരം ഒടുക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും അറിയിച്ചു .ആഗസ്റ്റ് മാസത്തെ ബിൽ കത്തിനോടൊപ്പം അയക്കുന്നതായും കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തും വാട്ടർ അതോറിറ്റിയും തമ്മിൽ ജലനിധി സംബന്ധിച്ച് ഒപ്പിട്ട കരാർ പ്രകാരം വെള്ളക്കരം ജലനിധിയിൽ നിന്ന് ഈടാക്കി വാട്ടർ അതോറിറ്റിക്ക് നൽകേണ്ട ബാധ്യത പഞ്ചായത്തിനാണ്. വെള്ളക്കരം ബിൽ വാട്ടർ അതോറിറ്റി നൽകുന്നതും പഞ്ചായത്തിനാണ്. ആയതിനാൽ പൊതുടാപ്പുകളുടെ വെള്ളക്കരം തുക പഞ്ചായത്ത് ജലനിധിക്ക് കൈമാറുവാൻ കാരണമെന്തെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (നമ്പർ-4/23.10.2019) മേൽ സൂചിപ്പിച്ച അസി എൻജിനീയർ കേരള വാട്ടർ അതോറിറ്റി പി.എച്ച് .സെക്ഷൻ മാളയുടെ കത്ത് ഹാജരാക്കുകയാണ് ഉണ്ടായത്.കൂടാതെ ജലനിധി പൊതുടാപ്പുകളുടെ വെള്ളക്കരം സംബന്ധിച്ച് പഞ്ചായത്തിന് നൽകിയ ഡിമാന്റ് നോട്ടീസും ഹാജരാക്കി .പ്രസ്തുത നോട്ടീസ് പരിശോധിച്ചതിൽ ജലനിധി ടാപ്പിന് 5250 രൂ നിരക്കിൽ വാട്ടർ അതോറിറ്റി പഞ്ചായത്തിൽ നിന്ന് ജലനിധി പദ്ധതി ആരംഭിക്കുന്നതിനു മുമ്പ് ഈടാക്കിയിരുന്ന നിരക്കിലാണ് ഡിമാന്റ് ചെയ്തത് എന്ന് കണ്ടു .വിശദാംശം താഴെ ചേർക്കുന്നു.

| മാസം | ടാപ്പുകളുടെ എണ്ണം | പഞ്ചായത്ത് ജലനിധിക്ക് നൽകിയ തുക |
|---|---|---|
| സെപ്റ്റംബർ2017 | 108 | 47250 |
| ഒക്ടോബർ2017 | 108 | 47250 |
| നവംബർ17 | 108 | 47250(108*5250/12) |
| ഡിസംബർ17 | 108 | 47250 |
| ജനുവരി18 | 108 | 47250 |
| ഫെബ്രുവരി18 | 11 | 4812.5 |
| മാർച്ച്18 | 3 | 1312.5 |
| ഏപ്രിൽ18 | 3 | 1312.5 |
| മെയ്18 | 3 | 1312.5 |
| | ആകെ | 245000/- |

ഫ്ളോ മീറ്ററിന്റെ അടിസ്ഥാനത്തിലാണ് ബിൽ അയക്കുന്നതെന്ന അസി.എൻജിനീയറുടെ കത്ത് നിലനിൽക്കെ പഴയ നിരക്കിൽ തുക ജലനിധിക്ക് കൈമാറിയത് ശരിയല്ല .ഡിമാന്റ് നോട്ടീസുകളൊന്നും പരിശോധനക്ക് ഹാജരാക്കാത്തതിനാൽ എത്ര തുകയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയതതെന്നും വ്യക്തമല്ല. ഫ്ളോ മീറ്ററിന്റെ അടിസ്ഥാനത്തിലാണെങ്കിൽ ജലനിധി കണക്ഷനുകളുടെ റീഡിങ്ങ് കുറച്ചശേഷം ബാക്കി വരുന്ന റീഡിങ്ങിന് അനുസൃതമായ തുകയാണ് പഞ്ചായത്ത് പൊതുടാപ്പുകളുടെ തുകയായി ഒടുക്കേണ്ടത് .ഈ വിഷയത്തിൽ പരിശോധന നടത്തി അധികം തുക ജലനിധിക്ക് നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതാണ്. തുക വാട്ടർ അതോറിറ്റിക്ക് അടവാക്കിയ രസീത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതു വരെ ചെലവ് തുക 245000 രൂപ തടസ്സപ്പെടുത്തുന്നു.

# 1-27 ജലനിധി കുടിശ്ശിക

കുഴൂർ ഗ്രാമപഞ്ചായത്തിൽ ജലനിധി മുഖേനയുള്ള ജലവിതരണം 2017 ആഗസ്റ്റ് 1 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. . ഗ്രാമപഞ്ചായത്ത് SLEC (സ്കീം ലെവൽ എക്സ്പെർട്ട് കമ്മിറ്റി) യുമായും, KWA( കേരള വാട്ടർ അതോറിറ്റി) യുമായും ഉണ്ടാക്കിയ കരാർ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് വിതരണം ചെയ്യുന്ന വെള്ളത്തിന്റെ കരം SLEC പിരിച്ചെടുത്ത് പഞ്ചായത്തിൽ അടക്കുകയും ബൾക്ക് മീറ്റർ റീഡിംഗ് പ്രകാരം KWA ക്ക് നൽകേണ്ട തുക ഗ്രാമപഞ്ചായത്ത് നൽകുകയും ചെയ്യണം. ജലവിതരണം സംബന്ധിച്ച കണക്കുകൾ പരിശോധിച്ചതിൽ നിന്നും ഗാർഹിക/ഗാർഹികേതര ഉപഭോക്താക്കളിൽ നിന്നും നാളിതുവരെ 3404164/- രൂപ പിരിഞ്ഞുകിട്ടാനുള്ളതായി കാണുന്നു. 45ഗാർഹികേതര കണക്ഷനുകൾ ഉൾപ്പെടെ ആകെ 2768 കണക്ഷനുകൾ ജലനിധിക്കുണ്ട്.

സമയബന്ധിതമായി ഉപഭോക്താക്കളിൽ നിന്നും തുക പിരിച്ചെടുക്കാനാവാത്തതുമൂലമാണ് വാട്ടർ അതോറിറ്റിക്കു നൽകാനുള്ള തുക നൽകാൻ സാധിക്കാത്തതെന്ന് കാണുന്നു. നാളിതു വരെ ജലനിധി ഉപഭോക്താക്കളിൽ നിന്ന് (ആഗസ്റ്റ് 17-സെപ്തംബർ19 വരെ) പിരിച്ചെടുത്ത തുക 36,37,461.00 രൂപയും വാട്ടർ അതോറിറ്റിക്ക് അടവാക്കുന്നതിനായി പഞ്ചായത്തിന് കൈമാറിയ തുക 24,50000/- രൂപയും ആണ്. (പ്രസ്തുത തുക പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്.)അതായത് വാട്ടർ അതോറിററിക്ക് വൻതുക കുടിശ്ശിക ഉണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാണ് .കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ (വാട്ടർ അതോറിറ്റി ഡിമാന്റ് നോട്ടീസ്)എൻക്വയറിയിൽ(നം.5/23.10.19) ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല.

ജലവിതരണം സംബന്ധിച്ച കരാർ വച്ചത് പഞ്ചായത്തും വാട്ടർ അതോറിറ്റിയും തമ്മിൽ ആയതിനാൽ കുടിശ്ശികയുടെ ബാധ്യത പഞ്ചായത്ത് വഹിക്കേണ്ടതായി വരും . ജലനിധി കൈമാറുന്ന തുക അടവാക്കുന്നതല്ലാതെ കുടിശ്ശിക സംബന്ധിച്ച് വിലയിരുത്തലോ SLEC യുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തലോ ഗ്രാമപഞ്ചായത്ത് നടത്തിയിട്ടില്ല. ജലനിധി കുടിശ്ശിക വരുത്തിയാൽ ആയത് രേഖ മൂലം വാട്ടർ അതോറിറ്റിയെ അറിയിക്കേണ്ട ബാധ്യതയും പഞ്ചായത്തിന് കരാർ പ്രകാരം ഉണ്ടെങ്കിലും അത്തരത്തിലുള്ള യാതൊരു അറിയിപ്പും പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് നൽകുകയോ ,ജലചൂഷണം/മോഷണം നടത്തുന്നത് കണ്ടെത്തുന്നതിന് ആന്റി തെഫ്റ്റ് സ്ക്വാഡ് രൂപീകരിക്കുകയോ, കുടിശ്ശിക അടവാക്കാത്തവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് കുടിശ്ശിക തുക സമയബന്ധിതമായി പിരിച്ചെടുത്ത് വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നതിനും ജലവിതരണം കാര്യക്ഷമമായി നടത്തുന്നതിനും ആവശ്യമായ നിർദ്ദേശം ജലനിധിക്ക് നൽകേണ്ടതാണ്. ഈ വിഷയം 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ.3.3 ൽ ചൂണ്ടിക്കാട്ടിയിരുന്നുവെങ്കിലും തുടർ നടപടികൾ സ്വീകരിക്കാത്തത് കുടിശ്ശിക വർദ്ധിക്കുവാൻ ഇടയാക്കി.ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-28 പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്

പ്രൊജക്റ്റ് നം-S0021/19

വകയിരുത്തിയത്-3,60,000

ചെലവ്-ട്രഷറി ബില്ല് നം.2/18-19/31.12.2018 , 3,53,574/-

നിർവ്വഹണം-പ്രധാനാദ്ധ്യാപിക

ടെണ്ടർ ക്ഷണിച്ച് Monger Box Trade Pvt Ltd എന്ന സ്ഥാപനത്തിന്റെ Inv.no.--nill/date 22.12.2018 പ്രകാരം 13 എണ്ണം ലാപ്പ് ടോപ്പ് വാങ്ങി പട്ടികജാതി,പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ 22/2018/തിയതി14.02.2018,ഖണ്ഡിക 7.2.8,7.2.9 പ്രകാരം സ്വാശ്രയ സ്ഥാപനത്തിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പാരലൽ കോളേജിലോ പഠിക്കുന്ന പട്ടികജാതി,പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ബിരുദ , ബിരുദാനന്തര,ഡിപ്ലോമാ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് അനുവദിക്കാവുന്നതാണ്. പാരലൽ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായുള്ള രേഖകൾ ഹാജരാക്കിയതിനു ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ.

2018-19വർഷം ലാപ്പ്ടോപ്പ് അനുവദിക്കപ്പെട്ട താഴെ പറയുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനങ്ങൾക്ക് ഏതെങ്കിലും സർവ്വകലാശാല അഫിലിയേഷൻ ഉള്ളതു സംബന്ധിച്ച രേഖകളോ ,പ്രൈവറ്റ് സ്ഥാപനങ്ങളാണെങ്കിൽ വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായുള്ള രേഖകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| പേര് | പഠിക്കുന്ന സ്ഥാപനം |
|---|---|
| വിജിമോൾ.പി.വി,പൂപ്പറത്ത്, എരവത്തൂർ | കോമേഴ്സ് അക്കാഡമി,ചാലക്കുടി<br>II nd BA |
| അശ്വിൻബാബു,ഏറൻവീട്, പാറപ്പുറം | ഭാരതി ടെക്നിക്കൽ എഞ്ചിനീയറിംഗ് കോളേജ്<br>II nd year Diploma in Air conditioning and Refrigeration Engineering |

മേൽ സൂചിപ്പിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-29 പൊതുമരാമത്ത് പ്രവൃത്തികൾക്ക് സിംഗിൾ ടെണ്ടർ സ്വീകരിക്കുന്നത്-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

2018-19 വാർഷികപദ്ധതിയിലുൾപ്പെട്ട പൊതുമരാമത്ത് പ്രവൃത്തികളുടെ 13.7.2018ൽ നടത്തിയ ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ പഞ്ചായത്ത് കമ്മറ്റി തീരുമാനം 4/24.72018പ്രകാരം റീണ്ടെർ നടത്താൻ തീരുമാനമെടുത്തതിനെത്തുടർന്ന് 10.8.2018 ൽ റീടെണ്ടർ നടത്തിയ 40 പ്രവൃത്തികൾക്കും സിംഗിൾ ടെണ്ടർ ലഭിച്ചത് 18.9.2018 തിയതിയിലെ 7(2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.വീണ്ടും ടെണ്ടർനടപടികൾ സ്വീകരിച്ചാൽ പദ്ധതി തുടങ്ങാൻ കാലതാമസവും പഞ്ചായത്തിന് സാമ്പത്തിക നഷ്ടവും ഉണ്ടാകുമെന്നതിനാലും ടെണ്ടർ സമർപ്പിച്ചിരിക്കുന്ന നിരക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികരിക്കാത്തതിനാലും സിങ്കിൾ ടെണ്ടറുകൾ സ്വീകരിക്കുന്നതായാണ് പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

2017-18 വർഷത്തിലും റീടെണ്ടറിൽ ലഭിച്ച 27 സിംഗിൾ ടെണ്ടറുകൾ പഞ്ചായത്ത് കമ്മറ്റി തീരുമാനം 3(1)/7.12.2017 പ്രകാരം സ്വീകരിച്ചിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികളിൽ സിംഗിൾ ടെണ്ടർ സ്വീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ.പി നം 324/2015/30.7.2015 പ്രകാരം റീടെണ്ടർ ചെയ്യുന്നതിനുമുൻപ് ആദ്യടെണ്ടറിൽ മതിയായ എണ്ണം ടെണ്ടറുകൾ ലഭിക്കാതിരിക്കാനുള്ള കാരണങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തേണ്ടതും ഏതെങ്കിലും കാരണങ്ങൾ കണ്ടെത്തുകയാണെങ്കിൽ അവ പരിഹരിക്കേണ്ടതുമാണ്.റീടെണ്ടർ നടപടികൾക്ക് മതിയായ പരസ്യം ഉറപ്പാക്കേണ്ടതൊണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.മുൻവർഷത്തേക്കാൾ കൂടുതൽ സിംഗിൾടെണ്ടറുകൾ ഓഡിറ്റ് വർഷം സ്വീകരിക്കേണ്ടിവന്നതായി കാണുന്നു.ഇവയിൽ ഭൂരിഭാഗവും എസ്റ്റിമേറ്റ് നിരക്കിലുള്ളവയാണ്.

സിംഗിൾ ടെണ്ടർ സ്വീകരിക്കുന്നതുസംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ടെണ്ടറിംഗിൽ പരമാവധി മത്സരസ്വഭാവം ഉറപ്പാക്കി മരാമത്ത് പ്രവൃത്തികൾ ഗുണനിലവാരം ചോർന്നുപോകാതെ,എറ്റവും ലാഭകരമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-30 കൊച്ചുകടവ്-കറുകപ്പാടം റോഡ് ഇന്ററർലോക്ക് ടൈൽ വിരിക്കൽ,വാർഡ് 8,

പ്രൊജക്റ്റ്നം.S0164/19
നിർവ്വഹണം -അസി.എഞ്ചിനീയർ

അടങ്കൽ-M.G (Road)-1,00,000/-

ചെലവ്-ട്രഷറി ബിൽ നം.1/25.5.2018,99774/-

കോൺട്രാക്റ്റർ-ടി .കെ ജയൻ

എസ്റ്റിമേറ്റ് പ്രകാരം ഇനം 2 " Providing and laying factory made chafered edge cement concrete paver blocks in footpathnparks,lawns,drive ways...........with approved color design and pattern"എന്ന പ്രവൃത്തിയുടെ നിരക്ക് 897.83/sqm ആണ്.അളവു പുസ്തകം 228/17-18 പേജ് 15 പ്രകാരം ,ഈ പ്രവൃത്തി 103.4 m3 ചെയ്തതിന് 103.4 x 897.83 = 92835.622/-രൂപയാണ് അനുവദിച്ചിട്ടുള്ളത്.എന്നാൽ പഞ്ചായത്ത്എഞ്ചിനീയറിംഗ് വിഭാഗത്തുനിന്നും ലഭ്യമാക്കിയ ഡാറ്റാഅനാലിസിസ് പ്രകാരം ഈ ഇനത്തിന്റെ നിരക്ക് താഴെ പറയും പ്രകാരമാണ്

cost for one sqm=555.1

water charge @ 1.01 % = 5.55

+ CPOH @ 15% = 84.09

COST INDEX 37.25 % =240.16

Total=884.92

Rate = 884.92/ sqm

ആയതു പ്രകാരം ചെയ്ത പ്രവൃത്തി 103.4 m3ന് അനുവദിക്കാവുന്ന തുക

103.4 x884.92 = 91500.728

വ്യത്യാസം - 1335/-

മേൽപറഞ്ഞപ്രകാരം 1335/- രൂപ അധികം അനുവദിച്ചിട്ടുണ്ട്.ആയത് ഓഡിറ്റ് എൻക്വയറി 12/29.10.19 നൽകിയതിനെ തുടർന്ന് പഞ്ചായത്തിലേക്ക് തിരിച്ചടച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.(രശീതി നം 119010101900/30.10.2019)

ഈ തുക പഞ്ചായത്തുഫണ്ടിൽ നിന്നും സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

# 1-31 മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മിച്ചത് ഉപയോഗിച്ചുതുടങ്ങിയിട്ടില്ല

പ്രൊജക്റ്റ് -മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം

പ്രൊജക്റ്റ് നം-S0178/19

അടങ്കൽ-വികസനഫണ്ട്-1,00,000

എക്സ്റ്റേണൽ എയ്ഡഡ് പരിപാടി-395000, ആകെ-495000/-

ചെലവ്--ട്രഷറി ബില്ല് നം-23/21.3.2019-1,00,000

ചെക്ക് നം-2342615/26.3.2019 -328614, ആകെ- 4,28,614/-

മാലിന്യസംസ്കരണത്തിന് പ്ലാസ്റ്റിക് മാലിന്യം തരംതിരിച്ച് ശേഖരിക്കുന്നതിനായി അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി വാർഡ് 13ൽ പഞ്ചായത്ത് വക പാറപ്പുറം ഷോപ്പിംഗ് കോംപ്ലക്സ് കോമ്പൗണ്ടിൽ 6.70m X 4.40mഅളവിൽ ഒരു കെട്ടിടം നിർമ്മിച്ചിട്ടുണ്ട്.

മാലിന്യം ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള തുടർപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണസമിതി ഉചിതമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതും കെട്ടിടം പ്രൊജക്റ്റിൽ വിഭാവനം ചെയ്തതനുസരിച്ച് ഉപയുക്തമാക്കേണ്ടതുമാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- •

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

- 
- 

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 19-8-2019, 20-8-2019 | കെ.എസ്.എ.ടി.എസ്.ആർ.(എസ്.1) 1120/19(23),തിയതി.26-8-2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 522996 | ലൈഫ് ഭവനപദ്ധതി | 482996 | 40000 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | 2018-19 | 200000 | പാലിന് സബ്സിഡി | 200000 | - |
| | 2018-19 | 400000 | നെൽകൃഷിവികസനം | 400000 | - |
| | 2018-19 | 250000 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 250000 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 323158 | ലൈഫ് ഭവനപദ്ധതി | 323158 | - |
| | 2018-19 | 175000 | പാലിന് സബ്സിഡി | 175000 | - |
| | 2018-19 | 200000 | നെൽകൃഷി വികസനം | 200000 | - |
| | 2018-19 | 150000 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 150000 | - |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | 5-ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കലും അനുബന്ധ പ്രവർത്തികളും | 60000 | 60000 | 0 |
| KSEB | സ്ട്രീറ്റ് മെയിൻ വലിക്കൽ | 180292 | 180292 | 0 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ്

# വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4258167/- രൂപ വരവുണ്ട്. വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ | | 4258167 | - | - | - | 4258167 |

•

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1680 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| കെ.എസ്.എ. ടി.എസ്.ആർ. (പെൻ.6)1124/18 കത്തു പ്രകാരം റോസിലി.സി.ടി., ഹെഡ് ക്ലർക്ക് (റിട്ടയേർഡ്)ന്റെ 2/17 മുതൽ 3/18 വരെയുള്ള അധിക ശമ്പളം തിരിച്ചടച്ചത് | | 18,015/- | | 118010100964/ 25.07.18 |
| 2015-16 | 3-7 | 1680 | മെഡിക്കൽ ഓഫീസർ, പ്രൈമറി | 118010100173,dt.20-4-2018 |

| | | | | |
|---|---|---|---|---|
| | | | ഹെൽത്ത് സെന്റർ | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

വിവരം ലഭ്യമാക്കിയില്ല

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

വിവരം ലഭ്യമാക്കിയില്ല .

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | :70616472 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :62188736 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | :7,06,250 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). <*<u>പഞ്ചായത്ത് *>ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 68,750 | നിഖിൽ . പി.വി, വി.ഇ.ഒ,കുഴൂർ |
| 1-18 | 32,500 | നിഖിൽ.പി.വി, വി.ഇ.ഒ,കുഴൂർ |
| 1-20 | 2,10,000 | നിഖിൽ. പി.വി, വി.ഇ.ഒ,കുഴൂർ |
| 1-23 | 1,50,000 | പി.എ.ഹസീബ് അലി ,സെക്രട്ടറി |
| 1-26 | 2,45,000 | പി.എ.ഹസീബ് അലി ,സെക്രട്ടറി |
| ആകെ | 7,06,250 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| നിഖിൽ . പി.വി, വി.ഇ.ഒ,കുഴൂർ | വി.ഇ.ഒ,കുഴൂർ | നിഖിൽ.പി.വി., പാറപ്പറമ്പിൽ, മാള, പള്ളിപ്പുറം |
| പി.എ.ഹസീബ് അലി ,സെക്രട്ടറി | സെക്രട്ടറി ,പുത്തൻചിറ ഗ്രാമപഞ്ചായത്ത് | പറക്കോട്ട് ഹൗസ്, മാള (പി.ഒ.) |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1969-70,1974-75 മുതൽ 1994-95 വരെ | എൽ.എഫ്.ടി.12-1310/96 തീയതി 29-11-1996 | |
| 1995-96 | എൽ.എഫ്.ടി.12-1926/97 തീയതി 11-03-1998 | |
| 1996-97 | എൽ.എഫ്.ടി.12-1941/97 തീയതി 21-07-1998 | |
| 1997-98 | എൽ.എഫ്.ടി.13 698/99 തീയതി 24-01-2000 | |
| 1998-99 | എൽ.എഫ്.ടി.പി4-184/14/14.3.14/ 3.5.14 | 16 |
| 1999-2000 | | 7 |
| 2000-01 | | 4 |
| | | |

| | | |
|---|---|---|
| 2001-02 | | 3 |
| 2002-03 | | 7 |
| 2003-04 | | 4 |
| 2004-05 | | 4 |
| 2005-06 | | 6 |
| 2006-07 | | 14 |
| 2007-08 | എൽ.എഫ്.ടി.13-640/10 തീയതി 31-03-2011 | |
| 2008-09 | എൽ.എഫ്.ടി.പി.14-1259/11 തീയതി 17-10-2011/18-05-12 | |
| 2009-10 | എൽ.എഫ്.ടി.പി.14-1260/11 തീയതി 17-10-2011/18-05-2012 | |
| 2010-11 | എൽ.എഫ്.ടി.പി.4-2156/12 തീയതി 05-02-2013/12-04-2013 | |
| 2011-12 | എൽ.എഫ്.ടി.പി.4-1401/13 തീയതി 09-12-13/13-01-2014 | |
| 2012-13 | എൽ.എഫ്.ടി.പി.4-1424/2014 തീയതി12-01-15/12-03-15 | |
| 2013-14 | നം കെ.എസ്.എ. ടി.എസ്.ആർ.പി. 4-1327/2015/3.11.15 | |
| 2014-15 | നം കെ.എസ്.എ. ടി.എസ്.ആർ.(പി.4) 1211/16 തിയതി 24.7.16 | |
| 2015-16 | നം കെ.എസ്.എ. ടി.എസ്.ആർ.(പി.4)92/17തിയതി 27.1.17 | |
| 2016-17 | നം കെ.എസ്.എ. ടി.എസ്.ആർ.(പി.4)/1227/17 തിയതി 31.07.17 | |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ(പി4)/730/19 തിയ്യതി. 13.06.19 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# <u>അനുബന്ധം- 1 ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ-ടി.എസ്.ആർ(പി.4)1754/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,<br>
ജില്ലാ ഓഡിറ്റ് കാര്യാലയം,<br>
തൃശ്ശൂർ - 680 020<br>
ഫോൺ- 0487 2331249<br>
e-mail: dotsr.ksad@kerala.gov.in


തീയതി.16/12/2019

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,<br>
ജില്ലാ ഓഡിറ്റ് കാര്യാലയം,<br>
തൃശ്ശൂർ.

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ